(ബി) എങ്കിൽ എത്ര കോടി രൂപ അനുവദിച്ചു ; ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുക ;

(സി) സ്ത്രീ ശാക്തീകരണത്തിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പദ്ധതികളുടെ നടത്തിപ്പിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഗ്രാമീണ ജലവിതരണം, പരിസരശുചീകരണം എന്നിവയ്ക്കുവേണ്ടി കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ലോകബാങ്കുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതനുസരിച്ച് ഏകദേശം 65.5 മില്യൺ (ഏകദേശം 300 കോടി രൂപ) അമേരിക്കൻ ഡോളർ ലോകബാങ്കിൽ നിന്നും 2001-2006 കാലയളവിൽ ലഭിക്കുന്നതാണ്.

(ബി) ലോകബാങ്കിൽ നിന്നും നാളിതുവരെ സഹായമൊന്നും ലഭിച്ചിട്ടില്ല. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഏകദേശം 10 കോടി രൂപ.

(ഡി) വിശദവിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്†.

തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം

62 (287) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണ ശൃംഖലയിൽ നിന്നും വെള്ളം ലഭിക്കേണ്ട ഏതെല്ലാം പ്രദേശങ്ങളിലാണ് പകൽ സമയം വെള്ളം ലഭിക്കാതെ വരുന്നത് ;

(ബി) വെള്ളം ലഭിക്കാത്ത സന്ദർഭത്തിലും ശുദ്ധജലവിതരണ ശൃംഖലയിലെ വാട്ടർ ടാപ്പ് തുറക്കുമ്പോൾ വെള്ളത്തിനുപകരം വായു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നഗരത്തിന്റെ തെക്കൻ പ്രദേശമായ കൊഞ്ചിറവിള ഭാഗത്ത് പകൽ സമയങ്ങളിൽ വെള്ളം ലഭിക്കാതെ വരുന്നുണ്ടോ ;

(ഡി) ഈ പ്രദേശങ്ങളിൽ ഫ്ളോട്ടിംഗ് വാൽവ് സംവിധാനം ഘടിപ്പിച്ചിട്ടുള്ള സബ് വാട്ടർ ടാങ്കുകളിൽ വെള്ളമില്ലാത്തപ്പോൾ ശുദ്ധജലവിതരണ ശൃംഖലയിലെ വായു പുറത്തേക്ക് കടന്നുചെല്ലുന്നത് മുഖേന വെള്ളം എടുക്കാതെ തന്നെ മീറ്റർ പ്രവർത്തിക്കാറുണ്ടോ ;

---

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സാങ്കേതിക തകരാറുമൂലം വെള്ളം ഉപയോഗിക്കാതെ തന്നെ വാട്ടർ മീറ്ററുകളിൽ ഉയർന്ന റീഡിംഗ് രേഖപ്പെടുത്താറുണ്ടോ ;

(എഫ്) ഇക്കാരണത്താൽ ഉപയോഗിക്കുന്ന വെള്ളത്തിന്റെ വിലയേക്കാൾ കൂടിയതുക വാട്ടർ ചാർജ്ജായി നൽകേണ്ടതായി വരുന്നുണ്ടോ ;

(ജി) എങ്കിൽ അതിനുള്ള പരിഹാരമെന്തെന്ന് വിശദീകരിക്കാമോ ;

(എച്ച്) ഇത് സംബന്ധിച്ച് കൊഞ്ചിറവിള ഭാഗത്ത് നിന്ന് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

(ഐ) എങ്കിൽ അത് പരിശോധിച്ചുവോ ;

(ജെ) വെള്ളം ഉപയോഗിക്കാതെ തന്നെ ഉയർന്ന മീറ്റർ റീഡിംഗ് അനുസരിച്ചുള്ള പണം നൽകേണ്ടതായി വരുന്ന ഇത്തരം ഉപഭോക്താക്കൾ അടച്ചിട്ടുള്ള തുക റീ ഫണ്ടു ചെയ്യുമോ ?

ഉത്തരം

(എ) അവിട്ടം റോഡ്, നാലാഞ്ചിറ-കുരിശ്ശടി പൊതുജനം ലൈൻ, എം.ആർ.ഹിൽ എന്നീ പ്രദേശങ്ങളിൽ പകൽ സമയം വെള്ളം ലഭിക്കാതെ വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കൊഞ്ചിറവിള ഭാഗത്ത് മിക്കവാറും മുഴുവൻ സമയവും വെള്ളം ലഭിക്കുന്നുണ്ട്.

(ഡി) അപ്രകാരം സാധാരണ ഗതിയിൽ മീറ്റർ പ്രവർത്തിക്കുകയില്ല.

(ഇ) ഇല്ല.

(എഫ്&ജി) ഉദിക്കുന്നില്ല.

(എച്ച്) ഇല്ല.

(ഐ) ഉദിക്കുന്നില്ല.

(ജെ) ഇത്തരം സാഹചര്യങ്ങൾക്ക് സാദ്ധ്യതയില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

അയർകുന്നം, കുരോപ്പട, പാമ്പാടി, മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

63 (288) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയർകുന്നം, കാരോപ്പട പാമ്പാടി, മീനടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ശുദ്ധീകരിക്കാത്ത വെള്ളം പമ്പു ചെയ്തു തുടങ്ങിയോ ;

LIBRARY ARCHIVES Kerala Legislative Assembly